പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *122      31.01.2018 ൽ മറുപടിയ്ക്ക്

"സമഗ്ര ജൈവകൃഷി പദ്ധതി "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) ജൈവകൃഷി വ്യാപനത്തിനായി സർക്കാർ ഇടപെടലുകൾ നടത്തുമ്പോഴും ജൈവ വിളകൾ എന്ന പേരിൽ സംസ്ഥാനത്ത് വിൽക്കുന്നവയിൽ കീടനാശിനിക ളുടെ അംശം വ്യാപകമായി ഉണ്ടെന്നുള്ള വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) ജൈവകാർഷിക മേഖലയിൽ ജൈവ കീടനാശിനികൾ, ജൈവ വളങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്ന തിനും കൃഷി വ്യാപനവും വിപണനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കു ന്നതിനും എന്തു മേൽനോട്ട സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) കൃഷിയിടങ്ങളിൽ ജൈവവള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാങ്കേതിക, സാമ്പത്തിക സഹായം നൽകുന്ന കൃഷി വകുപ്പിന്റെ 'ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും' എന്ന പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷം റ്റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 7500/- രൂപ വീതം ധന സഹായം നൽകിയിരുന്നു. നിലവിൽ 1622 റ്റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും പ്രവർത്തനക്ഷമമാണ്. പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന രാസകീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കാൻ നിർദ്ദേശം നൽകി വരുന്നു. ജൈവവളങ്ങളും ജൈവ കീടനാശിനികളും കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് കാർഷിക വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജൈവപച്ചക്കറി വിപണനത്തിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 118 എക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം 317 എണ്ണം പുതുതായി ആരംഭിക്കും. സംസ്ഥാനത്തെ എല്ലാ ജി.എ.പി ക്ലസ്റ്ററുകളും എക്കോ ഷോപ്പുകൾ വഴി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സൗകര്യം |

ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 'കേരള ഓർഗാനിക്' എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷൻ ഉൽപ്പന്നങ്ങൾ എക്കോ ഷോപ്പുകൾ വഴി വിപണനം നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ ഇൻസെന്റീവായി നൽകുന്നു. ജി.എ.പി. ഉൽപ്പന്നങ്ങൾ സംഭരിച്ച് ഗ്രേഡിംങ്ങും പാക്കിങ്ങും നടത്തി വിപണനം ചെയ്യുന്നതിന് ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്.

(സി) സമഗ്ര ജൈവ കൃഷി പദ്ധതി (സി) നടപ്പിലാക്കാൻ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2016-17 സാമ്പത്തിക വർഷത്തിൽ സമഗ്ര ജൈവകൃഷി പദ്ധതി നടത്തിപ്പിനായി ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 305.61 ലക്ഷം രൂപ ചെലവഴിച്ചു. ജൈവവള നിർമ്മാണ യൂണിറ്റുകൾക്കായി റ്റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 5000/- രൂപ നിരക്കിലും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7500/- രൂപ നിരക്കിലും ആകെ 182.90 ലക്ഷം ചെലവഴിച്ചു.ഇക്കോഷോപ്പുകൾ വഴിയുള്ള വിപണനത്തിനായി 70 ലക്ഷവും ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിനായി ക്ലസ്റ്ററുകൾക്ക് 57.36 ലക്ഷം ചെലവഴിച്ചു. ജൈവകാർഷിക മണ്ഡലം അവാർഡുകൾക്കായി 123 ലക്ഷം രൂപയും ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ സമഗ്ര ജൈവകൃഷി പദ്ധതി നടത്തിപ്പിന് 1000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കായി 116 ലക്ഷം രൂപ, ഇക്കോഷോപ്പുകൾക്കുവേണ്ടി 300 ലക്ഷം രൂപ, ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിനായി 50 ലക്ഷം രൂപ, ഓപ്പറേഷണൽ എക്സ്പെൻസസ് എന്നതിലേക്ക് 20 ലക്ഷം രൂപ, ജൈവ കാർഷിക മണ്ഡലം അവാർഡുകൾക്കും മറ്റുമായി 123 ലക്ഷം രൂപ, കാസർഗോഡ് ജില്ലയിലെ പി.ജി.എസ് സർട്ടിഫിക്കേഷൻ നടപ്പാക്കുന്നതിലേക്ക് 60 ലക്ഷം രൂപ, കുട്ടനാട് ജി.എ.പി പദ്ധതിക്കായി 200 ലക്ഷം രൂപയും ചെലവഴിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**